**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - കേരള സഹകരണ റിസ്ക് ഫണ്ട് - ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(കൈ)നം. 32/2022/സഹ. തീയതി, തിരുവനന്തപുരം, 11/10/2022

---

പരാമർശം:- 1. 02/02/2007 ലെ സ.ഉ.(കൈ)നം.55/2007/സഹ നമ്പർ ഉത്തരവ്.
2. 18/11/2008 ലെ സ.ഉ.(കൈ)നം.249/2008/സഹ നമ്പർ ഉത്തരവ്.
3. 24/05/2010 ലെ സ.ഉ.(കൈ)നം.82/2010/സഹ നമ്പർ ഉത്തരവ്.
4. 21/03/2012 ലെ സ.ഉ.(കൈ)നം.180/2012/സഹ നമ്പർ ഉത്തരവ്.
5. 24/07/2014 ലെ സ.ഉ.(കൈ)നം.96/2014/സഹ നമ്പർ ഉത്തരവ്.
6. 20/09/2019 ലെ സ.ഉ.(കൈ)നം.35/2019/സഹ നമ്പർ ഉത്തരവ്.
7. 20/03/2020 ലെ സ.ഉ.(കൈ)നം.12/2020/സഹ നമ്പർ ഉത്തരവ്.
8. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ 14/07/2022 ലെ 13073/2022 നമ്പർ കത്ത്.
9. സഹകരണ സംഘം രജിസ്ട്രാറുടെ 11/08/2022 ലെ ജി(1) 6708/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതി വരുത്തി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. വായ്പാതുകയുടെ 0.70% എന്ന നിരക്കിൽ റിസ്ക് ഫണ്ട് പ്രീമിയം വർദ്ധിപ്പിച്ച് കുറഞ്ഞത് 100/- (നൂറ് രൂപ) രൂപയായി നിലനിർത്തിക്കൊണ്ട് പരമാവധി 2000/-(രണ്ടായിരം രൂപ) രൂപയും, ആയതിന്റെ ജി.എസ്.റ്റി. യുമായി നിജപ്പെടുത്തിയും റിസ്ക് ഫണ്ട് ധനസഹായതുക മരണാനന്തരസഹായം പരമാവധി 3,00,000/- (മൂന്നു ലക്ഷം രൂപ) രൂപയായും, ചികിത്സാധനസഹായം പരമാവധി 1,25,000/-(ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ) രൂപയായും വർദ്ധിപ്പിക്കുന്നതിനും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് തീരുമാനിക്കുകയും സഹകരണ സംഘം രജിസ്ട്രാർ മുഖേന പരാമർശം (8) അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം (9) ലെ ശിപാർശ അംഗീകരിച്ച്, കേരള സഹകരണ റിസ്ക്

ഫണ്ട് പദ്ധതി ചട്ടത്തിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു. ഭേദഗതി വരുത്തിയ സഹകരണ റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി. എസ്. രാജേഷ്**
**സ്പെഷ്യൽ സെക്രട്ടറി**

To

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. ജോയിന്റ് രജിസ്ട്രാർ, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്, ഗാന്ധാരി അമ്മൻ കോവിലിന് സമീപം, സ്റ്റാച്യൂ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
5. കരുതൽ ഫയൽ.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## (സ.ഉ.(കൈ)നം.32/2022/സഹ തീയതി 11/10/2022)

## കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ഭേദഗതികൾ

| ക്രമ നമ്പർ | നിലവിലുള്ളത് | ഭേദഗതി |
|---|---|---|
| 4. | പദ്ധതിയുടെ ലക്ഷ്യം:-<br><br>(എ) വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 2,00,000/- (രണ്ട് ലക്ഷം രൂപ) ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഒബ്ളിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. | പദ്ധതിയുടെ ലക്ഷ്യം:-<br><br>(എ) വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 3,00,000/- (മൂന്ന് ലക്ഷം രൂപ) രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഒബ്ളിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ (SHG, JLG, കുടുംബശ്രീ വായ്പകൾ ഉൾപ്പെടെയുള്ളവ), അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. |
| | (ഡി) വായ്പയെടുത്തശേഷം വായ്പാ കാലാവധിക്കുള്ളിൽ വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന വായ്പക്കാരന് എത്ര വായ്പകളുണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000/- (ഒരു ലക്ഷം രൂപ) ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് | (ഡി) വായ്പയെടുത്തശേഷം വായ്പാ കാലാവധിക്കുള്ളിൽ വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന വായ്പക്കാരന് എത്ര വായ്പകൾ ഉണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,25,000/- (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ) ഈ പദ്ധതിയിലെ ഇതര |

| | | |
|---|---|---|
| | വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഒബ്ളിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, ആനുപാതിക തുക മാത്രമേ ചികിത്സാ ധനസഹായമായി ലഭിക്കുകയുള്ളൂ. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ<br>മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുള്ള ധന സഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. | നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഒബ്ളിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ (SHG, JLG, കുടുംബശ്രീ വായ്പകൾ ഉൾപ്പെടെയുള്ളവ), ആനുപാതിക തുക മാത്രമേ ചികിത്സാ ധനസഹായമായി ലഭിക്കുകയുള്ളൂ. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| 5. | അർഹത<br><br>മരണപ്പെട്ടതോ / മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട, മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ ചികിത്സാ ധനസഹായം എന്നിവ ലഭിക്കുക. ഈ ഭേദഗതി നിലവിൽ വരുമ്പോൾ മുൻകാലങ്ങളിൽ നൽകിയതും ബാക്കി നിൽപ്പുള്ളതുമായ വായ്പകളേയും ഈ ഭേദഗതി പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള വിഹിതം, ഭേദഗതി ഉത്തരവ് തീയതി മുതൽ ആറ് മാസത്തിനുള്ളിൽ അടച്ച് "വായ്പാ മുതലിൽ രണ്ട് ലക്ഷം വരെയുള്ള ധനസഹായം" എന്ന ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്.<br><br>ഒരു വായ്പക്കാരൻ എത്ര വായ്പകൾ എടുത്താലും നിയമാനുസൃത റിസ്ക് ഫണ്ട് വിഹിതം അടച്ച് ഓരോ വായ്പയേയും പദ്ധതിയിൽ | അർഹത<br><br>മരണപ്പെട്ടതോ / മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/ മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ ചികിത്സാ ധനസഹായം എന്നിവ ലഭിക്കുക. ഈ ഭേദഗതി നിലവിൽ വരുമ്പോൾ മുൻകാലങ്ങളിൽ നൽകിയതും ബാക്കി നിൽപ്പുള്ളതുമായ വായ്പകളേയും ഈ ഭേദഗതി പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള വിഹിതം, ഭേദഗതി ഉത്തരവ് തീയതി മുതൽ ആറ് മാസത്തിനുള്ളിൽ അടച്ച് "വായ്പാ മുതലിൽ മൂന്ന് ലക്ഷം രൂപ വരെയുള്ള ധനസഹായം" എന്ന ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്.<br><br>ഒരു വായ്പക്കാരൻ എത്ര വായ്പകൾ എടുത്താലും "നിയമാനുസൃത റിസ്ക് ഫണ്ട് വിഹിതം അടച്ച് ഓരോ വായ്പയേയും" പദ്ധതിയിൽ |

| | | |
|---|---|---|
| | ചേർക്കാവുന്നതും അപ്രകാരം പദ്ധതിയിൽ ചേർക്കുന്ന ഓരോ വായ്പയ്ക്കും വായ്പാക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽപ്പുള്ള മുതലിനത്തിൽ പരമാവധി 2,00,000 /- രൂപയ്ക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്.<br><br>എന്നാൽ ഒരു വായ്പക്കാരൻ വിവിധ സഹകരണ സംഘം /ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/- (അഞ്ച് ലക്ഷം) രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ. | ചേർക്കാവുന്നതും അപ്രകാരം പദ്ധതിയിൽ ചേർക്കുന്ന ഓരോ വായ്പയ്ക്കും വായ്പാക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽപ്പുള്ള മുതലിനത്തിൽ പരമാവധി 3,00,000/-(മൂന്ന് ലക്ഷം രൂപ) രൂപയ്ക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്.<br><br>എന്നാൽ ഒരു വായ്പക്കാരൻ ഒരു സഹകരണ സംഘം /ബാങ്കിൽ നിന്നോ, വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നോ എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- (ആറ് ലക്ഷം) രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ. |
| 6. | വായ്പാതുകയുടെ പരിധി പരിഗണിക്കാതെ അർഹമായ എല്ലാ വായ്പകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും എന്നാൽ അത്തരം വായ്പകൾക്കും ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി രണ്ട് ലക്ഷം രൂപയും ആയിരിക്കും. | വായ്പാതുകയുടെ പരിധി പരിഗണിക്കാതെ അർഹമായ എല്ലാ വായ്പകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും എന്നാൽ അത്തരം വായ്പകൾക്കും ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി മൂന്ന് ലക്ഷം രൂപ ആയിരിക്കും. |
| 7. | ഫണ്ട് രൂപീകരണം<br><br>(1) ഈ ഭേദഗതി നിലവിൽ വരുന്ന തീയതി മുതൽ നൽകുന്ന ഓരോ വായ്പതുകയിൽ നിന്നും 0.5 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 1,000/- രൂപയും ബന്ധപ്പെട്ട സഹകരണ ബാങ്ക്/ സംഘം വായ്പക്കാരനിൽ നിന്ന് ഈടാക്കി ബോർഡിലേക്ക് അടവാക്കേണ്ടതാണ്. ഈ പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പക്കാരെ അർഹതയ്ക്ക് വിധേയരായി ബാക്കിനിൽപ്പ് വായ്പതുക അടിസ്ഥാനപ്പെടുത്തി റിസ്ക് ഫണ്ട് വിഹിതം ഈടാക്കി ഭേദഗതി തീയതി | ഫണ്ട് രൂപീകരണം<br><br>(1) ഈ ഭേദഗതി നിലവിൽ വരുന്ന തീയതി മുതൽ നൽകുന്ന ഓരോ "വായ്പതുകയിൽ നിന്നും 0.7 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- (നൂറ് രൂപ) രൂപയും പരമാവധി 2,000/- (രണ്ടായിരം രൂപ) രൂപയും ആയതിൻെറ ജി.എസ്.റ്റി യും" ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘം വായ്പക്കാരനിൽ നിന്ന് ഈടാക്കി ബോർഡിലേക്ക് അടവാക്കേണ്ടതാണ്. ഈ പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പക്കാരെ അർഹതയ്ക്ക് വിധേയരായി ബാക്കിനിൽപ്പ് വായ്പാതുക അടിസ്ഥാനപ്പെടുത്തി റിസ്ക് ഫണ്ട് |

| | | |
|---|---|---|
| | മുതൽ 6 മാസത്തിനുള്ളിൽ പദ്ധതിയിൽ ചേർക്കാവുന്നതാണ്. | വിഹിതം ഈടാക്കി ഭേദഗതി തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പദ്ധതിയിൽ ചേർക്കാവുന്നതാണ്. |
| 11 (എ) | (15). കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ധനസഹായമായി 5,00,000/- രൂപയിൽ കൂടുതൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി മരണപ്പെട്ട വായ്പാക്കാരന്റെ അവകാശി സമർപ്പിച്ച പ്രഖ്യാപനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>(16). കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും ചികിത്സാ ധനസഹായമായി 1,00,000/- രൂപയിൽ കൂടുതൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി വായ്പക്കാരൻ സമർപ്പിച്ച പ്രഖ്യാപനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | (15). കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ധനസഹായമായി 6,00,000/- (ആറ് ലക്ഷം രൂപ) രൂപയിൽ കൂടുതൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി മരണപ്പെട്ട വായ്പാക്കാരന്റെ അവകാശി സമർപ്പിച്ച പ്രഖ്യാപനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>(16). കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും ചികിത്സാ ധനസഹായമായി "1,25,000/- (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ) രൂപയിൽ" കൂടുതൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി വായ്പക്കാരൻ സമർപ്പിച്ച പ്രഖ്യാപനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. |
| 12. | (1) ധനസഹായം അനുവദിക്കുന്ന അധികാരി - വികസന ക്ഷേമനിധി ഫണ്ട് മാനേജിംഗ് കമ്മിറ്റിയാണ്. അസിസ്റ്റന്റ് രജിസ്ട്രാർ / മാനേജരുടെയും, ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറിയുടെയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അർഹതയുള്ള അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കേണ്ടത്. ധനസഹായം അനുവദിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. അതോടൊപ്പം തന്നെ ബന്ധപ്പെട്ട അനന്തരാവകാശിയെയും അറിയിക്കേണ്ടതാണ്. അപ്രകാരം | (1) ധനസഹായം അനുവദിക്കുന്ന അധികാരി - വികസന ക്ഷേമനിധി ഫണ്ട് മാനേജിംഗ് കമ്മിറ്റിയാണ്. അസിസ്റ്റന്റ് രജിസ്ട്രാർ / മാനേജരുടെയും, ജോയിന്റ് രജിസ്ട്രാർ / സെക്രട്ടറിയുടെയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് അർഹതയുള്ള അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കേണ്ടത്. ധനസഹായം അനുവദിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. അതോടൊപ്പം- തന്നെ ബന്ധപ്പെട്ട അനന്തരാവകാശിയെയും അറിയിക്കേണ്ടതാണ്. അപ്രകാരം ട്രാൻസ്ഫർ ചെയ്തു ലഭിക്കുന്ന തുക |

| | | |
|---|---|---|
| | ട്രാൻസ്ഫർ ചെയ്ത ലഭിക്കുന്ന തുക ബന്ധപ്പെട്ട വായ്പാ കണക്കിലേക്ക് അടവാക്കി സംഘം/ബാങ്ക് വിനിയോഗ സർട്ടിഫിക്കറ്റ് തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ബോർഡിലേക്ക് അയച്ചുതരേണ്ടതാണ്.<br>മരണതീയതിയിൽ രണ്ടു ലക്ഷം രൂപ വരെ മാത്രം ബാക്കി നിൽപ്പുള്ള വായ്പയിൽ ടി തീയതിക്കു ശേഷം മുതലിനത്തിൽ തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിൽ ബോർഡിൽ നിന്ന് പ്രസ്തുത വായ്പയ്ക്ക് ധനസഹായം ലഭിക്കുന്ന മുറയ്ക്ക് അധികമായി അടച്ച തുക വായ്പക്കാരന്റെ അനന്തരാവകാശിക്ക് ബാങ്ക്/ സംഘം തിരികെ നൽകേണ്ടതാണ്. | ബന്ധപ്പെട്ട വായ്പാ കണക്കിലേക്ക് അടവാക്കി സംഘം/ബാങ്ക് വിനിയോഗ സർട്ടിഫിക്കറ്റ് തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ബോർഡിലേക്ക് അയച്ചുതരേണ്ടതാണ്.<br>മരണതീയതിയിൽ മൂന്ന് ലക്ഷം രൂപ വരെ മാത്രം ബാക്കി നിൽപ്പുള്ള വായ്പയിൽ ടി തീയതിക്കുശേഷം മുതലിനത്തിൽ തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിൽ ബോർഡിൽ നിന്ന് പ്രസ്തുത വായ്പയ്ക്ക് ധനസഹായം ലഭിക്കുന്ന മുറയ്ക്ക് അധികമായി അടച്ച തുക വായ്പക്കാരന്റെ അനന്തരാവകാശിക്ക് ബാങ്ക്/ സംഘം തിരികെ നൽകേണ്ടതാണ്. |
| 13. | പലവക<br><br>(2) വായ്പക്കാരൻ മരണപ്പെട്ടാൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ടിയാളുടെ പേരിലുള്ള വായ്പാ കണക്കിൽ ബാക്കി നിൽക്കുന്ന മുതലിൽ പരമാവധി രണ്ടു ലക്ഷം രൂപ കോർപ്പസ് ഫണ്ടിൽ നിന്നും സംഘത്തിന് നൽകാവുന്നതാണ്. | പലവക<br><br>(2) വായ്പക്കാരൻ മരണപ്പെട്ടാൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ടിയാളുടെ പേരിലുള്ള വായ്പാ കണക്കിൽ ബാക്കി നിൽക്കുന്ന മുതലിൽ പരമാവധി മൂന്ന് ലക്ഷം രൂപ കോർപ്പസ് ഫണ്ടിൽ നിന്നും സംഘത്തിന് നൽകാവുന്നതാണ്. |